മലയാള മനോരമ

2016 ഒക്ടോബർ 7

# വിജിലൻസ് അനുമതിയായില്ല; മലബാർ സിമന്റ്സ് എംഡി ചുമതലയേറ്റില്ല

**ഷില്ലർ സ്റ്റീഫൻ**

പാലക്കാട് • വിജിലൻസ് അനുമതിക്കു ശേഷം മാത്രം നിയമനം മതിയെന്ന് ഉത്തരവിൽ നിഷ്കർഷിച്ചതോടെ മലബാർ സിമന്റ്സ് മാനേജിങ് ഡയറക്ടറായി മന്ത്രിസഭായോഗം തീരുമാനിച്ച വി.ബി. രാമചന്ദ്രൻ നായർ ചുമതലയേറ്റില്ല. ഇന്നലെ വാളയാറിൽ മലബാർ സിമന്റ്സ് സന്ദർശിച്ച മന്ത്രി ഇ.പി. ജയരാജൻ പങ്കെടുത്ത ഔദ്യോഗിക, അനൗദ്യോഗിക യോഗങ്ങളിൽ രാമചന്ദ്രൻ നായർ പങ്കെടുത്തുവെങ്കിലും നിയമന ഉത്തരവിലെ ഈ വ്യവസ്ഥ കാരണമാണു ചുമതലയേൽക്കാതിരുന്നതെന്ന് അറിയുന്നു.

ചൊവ്വാഴ്ച മന്ത്രിസഭാ യോഗം നടന്നതിനു പിന്നാലെ ബുധനാഴ്ച തന്നെ രാമചന്ദ്രൻ നായരെ നിയമിച്ച് ഉത്തരവ് ഇറങ്ങിയിരുന്നു. ഡയറക്ടറായും മാനേജിങ് ഡയറക്ടറായുമുള്ള ഇദ്ദേഹത്തിന്റെ സേവനം വിജിലൻസ് അനുമതിക്കു ശേഷം മാത്രമാകുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മന്ത്രിസഭായോഗത്തിൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദും രാമചന്ദ്രൻ നായരെ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ചൂണ്ടിക്കാട്ടിയതായാണു വിവരം. ഹിന്ദുസ്ഥാൻ ഓർഗാനിക് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായിരിക്കെ വിവിധ ആരോപണങ്ങളെ തുടർന്ന് ഇദ്ദേഹത്തെ കാലാവധി പൂർത്തിയാക്കും മുൻപേ മാറ്റിയിരുന്നു.

രാമചന്ദ്രൻ നായരുടെ നിയമനം സിപിഎമ്മിലെ ചില നേതാക്കളുടെ താൽപര്യപ്രകാരമാണെന്നു സൂചനകളുണ്ടായിരുന്നു. മുൻ എംഡി കെ. പത്മകുമാർ വിജിലൻസ് കേസിൽ അറസ്റ്റിലായതോടെയാണ് പുതിയ എംഡിയെ നിയമിക്കേണ്ടി വന്നത്.

ഇന്നലെ മലബാർ സിമന്റ്സിൽ ജീവനക്കാരും തൊഴിലാളിസംഘടനാ പ്രതിനിധികളുമായുള്ള ചർച്ചകൾക്കു ശേഷം മാധ്യമപ്രവർത്തകരെ കണ്ട മന്ത്രി ഇ.പി. ജയരാജനും പുതിയ എംഡിയുടെ നിയമനത്തെക്കുറിച്ചൊന്നും പറഞ്ഞില്ല. എംഡിയുടെ ചുമതല വഹിക്കുന്ന വ്യവസായ വകുപ്പ് സ്പെഷൽ സെക്രട്ടറി സഞ്ജയ് കൗളാണ് മന്ത്രിക്കൊപ്പമുണ്ടായിരുന്നത്.